പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *276

20.06.2018-ൽ മറുപടിയ്ക്ക്

## മെട്രോ ഉൾപ്പെട്ട പൊതു ഗതാഗത സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. സ്വരാജ്<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. വി. ജോയി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളത്തെയും പരിസര പ്രദേശങ്ങളിലെയും ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനും ആവിഷ്കരിച്ച കൊച്ചി മെട്രോ, വാട്ടർ മെട്രോ, ബസ് സർവ്വീസ് എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള പൊതു ഗതാഗത സംവിധാനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | കൊച്ചി മെട്രോ, വാട്ടർ മെട്രോ, ബസ് സർവീസ് തുടങ്ങിയ ഗതാഗത സംവിധാനങ്ങൾ പരസ്പര പൂരകമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഓട്ടോറിക്ഷ, സൈക്കിൾ തുടങ്ങിയവയെ സംയോജിത പൊതുഗതാഗത സംവിധാനത്തിന്റെ അനുബന്ധ സർവീസുകളായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് കൊച്ചിയിലെ ഗതാഗത സംവിധാനങ്ങളുടെ ഏകോപന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്.<br>കൊച്ചി ഉൾപ്പെടെ സംസ്ഥാനത്തെ അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗര ഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും അനുബന്ധ സേവനങ്ങൾക്കുമായി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | കൊച്ചി മെട്രോ നിർമ്മാണം തൃപ്പൂണിത്തുറ വരെ നീട്ടുന്നതിനായുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ തുടർച്ചയായി പേട്ട മുതൽ എസ്. എൻ. ജംഗ്ഷൻ വരെയുള്ള ഘട്ടം I A യുടെ പദ്ധതി പ്രവർത്തനങ്ങൾ 359 കോടി രൂപ ചെലവിലും പ്രാരംഭ പ്രവർത്തനങ്ങൾ 123 കോടി രൂപ ചെലവിലും നടപ്പാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹികാഘാതപഠനം (Social Impact Assessment Study) നടത്തിയശേഷം പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ജില്ലാ ഭരണകൂടത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ജില്ലാ ഭരണകൂടം പുതിയ നിയമപ്രകാരം ഉള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചു. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ 4 മാസത്തിനകം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയം കൊച്ചി മെട്രോയുടെയും സംയോജിത പൊതു ഗതാഗത സംവിധാനത്തിന്റെയും നിർവ്വഹണത്തിൽ കാലതാമസം സൃഷ്ടിക്കാനിടയുണ്ടോ; | (സി) | കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയം കൊച്ചി മെട്രോ റെയിൽ പദ്ധതി (ആലുവ മുതൽ പേട്ട വരെ) ഘട്ടം I-ന്റെ നിർവ്വഹണത്തെയോ സംയോജിത പൊതുഗതാഗത സംവിധാനം നടപ്പാക്കുന്നതിനെയോ പ്രതികൂലമായി ബാധിക്കുന്നില്ല. എന്നാൽ പദ്ധതിയുടെ രണ്ടാം ഘട്ടം യാഥാർഥ്യമാക്കുന്നതിൽ കാലതാമസത്തിനിടയാക്കിയിട്ടുണ്ട്.<br>കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം II മെട്രോ ലൈൻ പദ്ധതി 2577.25 കോടി രൂപ ചെലവിൽ നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ Metro Rail Policy-2017-ന് അനുസൃതമായി Detailed Project Report (DPR)-ൽ മാറ്റം വരുത്തി പുന:സമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഇത് പ്രകാരം തയ്യാറാക്കിയ Detailed Project Report സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. പുതുക്കിയ DPR പ്രകാരം 2310 കോടി രൂപയാണ് പദ്ധതിക്കാവശ്യമായി വരുന്നത്. പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ 189 കോടി രൂപ ചെലവിൽ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ട ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സാമൂഹിക ആഘാതപഠനം (SIA Study) നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ഡി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ? | (ഡി) | ഇല്ല. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതി രേഖകളിൽ (DPR) ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഡിസംബറിൽ DMRC സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. പുതുക്കിയ പദ്ധതി രേഖകൾ പരിശോധിക്കുന്നതിനായി ധനവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല സമിതി രൂപീകരിക്കുകയും ആയത് പരിശോധിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ